കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണലൂർ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി2)254/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:17.06.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ 2-6, 3-1, 3-2 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2254/19) തീയതി: 17.06.19

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-10-2017 മുതൽ 15-10-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2017 മുതൽ 31-03-2018 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-1-2019 മുതൽ<br>31-1-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി.ലിസ്സി റ്റി.ജെ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2) ശ്രീ.സിനിലാൽ. എം.ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.സ്റ്റാൻലി പി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4) ശ്രീ.ജോയ്സൻ സി.ജെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. സീത ഗണേഷ്<br>01-04-2017 മുതൽ 20.11.2017 FNവരെ |
| | ശ്രീ.എം കെ സദാനന്ദൻ<br>20.11.2017 AN മുതൽ 20.12.2017 വരെ |
| | ശ്രീമതി.വിജി ശശി<br>20.12.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.വിജയലക്ഷ്മി എം | 01.04.2017 മുതൽ 08.06.2017 FN വരെ |
| | ശ്രീമതി.ജയകുമാരി എം ആർ | 19.06.2017 AN മുതൽ 19.10.2017 വരെ |
| | ശ്രീ.ടി ബി ഹുസൈൻ | 01.12.2017 മുതൽ 06.12.2017 FN വരെ |
| | ശ്രീ.എ എസ് തമ്പി | 01.02.2018 AN മുതൽ 31.03.2018 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീ.സത്യൻ ടി | 08.06.2017 AN മുതൽ 16.06.2017 FN വരെ |
| | ശ്രീമതി.സുനിത കെ വി | 16.06.2017 മുതൽ 19.06.2017 FN വരെ |
| | ശ്രീമതി.സുനിത കെ വി | 20.10.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി.സുനിത കെ വി | 06.12.2017 മുതൽ 01.02.2018 FN വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ പി പി | 01.04.2017 മുതൽ 24.07.2017 FN വരെ |
| | ശ്രീമതി.മാലിനി സി ഡി | 24.07.2017 AN മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഇക്ബാൽ പി എ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.റാണി.എം.എസ്. | 01-04-2017 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷംല പടിയത്ത് | 01-04-2017 മുതൽ |
| | | 31-03-18 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. സിൻസി ജോസഫ് | 01-04-2017മുതൽ 17.11.2017 വരെ |
| | ശ്രീമതി.രേഖ പി മാധവൻ | 18.11.2017 മുതൽ 31.03.2018 വരെ |
| പ്രധാനാദ്ധ്യാപിക, ജി.യു.പി.എസ് | ശ്രീമതി.അജിത പി കെ | 01-04-2017 മുതൽ 31-03-18 വരെ |
| വി.ഇ.ഒ. 1 | ശ്രീമതി.ഷിജി കെ യു | 01-04-2017 മുതൽ 28.06.2017 വരെ |
| | | 29.06.17 മുതൽ 31.03.18 വരെ ഒഴിവ് |
| | ശ്രീമതി.ബിനി കെ ആർ | 01.04.2017 മുതൽ 10.06.2017 വരെ |
| | ശ്രീമതി.സ്മിത എം എ | 01.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ 2 | ശ്രീ.ജയദീപ് ടി | 01.07.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.രാജു പി വി | 01.08.2017 മുതൽ 01.01.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷീജ.പി.ജെ. | 01-04-2017 മുതൽ 22.09.2017 FN വരെ |
| | ശ്രീമതി.നിത ജോൺ | 22.09.2017 AN മുതൽ 26.11.2017 വരെ |
| | ശ്രീമതി.ഗീത പി പി | 27.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സത്യൻ.ടി. | 01-04-2017 മുതൽ 16.06.2017 FN വരെ |
| | ശ്രീമതി.സുനിത കെ വി | 16.06.2017 AN മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു.ബി. | 01-04-2017 മുതൽ 15.11.2017 വരെ |
| | ഒഴിവ് | 16/11/17 മുതൽ 26/11/2017 വരെ |
| | ശ്രീമതി.സ്മൃതി വാസുദേവൻ | 27.11.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബസ് സ്റ്റാൻഡ് ഫീസ്-ലേലം-ചരക്ക് സേവനനികുതി അടവാക്കിയില്ല | 2-1 |
| 14 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 2-2 |
| 15 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കുന്നില്ല | 2-3 |
| 16 | ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല | 2-4 |

| | | |
|---|---|---|
| 17 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണ ഫീസ് മൂന്നിരട്ടി ഈടാക്കേണ്ടതാണ് -ധനകാര്യകമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു | 2-5 |
| 18 | വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 2-6 |
| 19 | ഇ-ടെണ്ടർ ഫാറങ്ങളുടെ വിൽപ്പന തുക ലഭിച്ചില്ല | 2-7 |
| 20 | മാർക്കറ്റ് വണ്ടിപ്പേട്ട സ്ഥലമെടുപ്പ് – ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചില്ല | 2-8 |
| ഭാഗം-3 | | |
| 21 | വഞ്ചിക്കടവ് കുടിവെള്ളപദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-1 |
| 22 | മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹം. സംസ്കരണ പ്ലാന്റ് പൂർണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. | 3-2 |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി മരുന്നുകൾ ലഭിച്ചിട്ടില്ല. യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. | 3-3 |
| 24 | തുല്യതാ പഠനം- പദ്ധതി ലക്ഷ്യം നേടിയില്ല. തുടർ നടപടി സ്വീകരിക്കണം. | 3-4 |
| 25 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ- പഞ്ചായത്തിൽ വ്യക്തമായ കണക്കുകൾ സൂക്ഷിക്കണം. | 3-5 |
| 26 | പൊതുടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-6 |
| 27 | ബിറ്റുമിൻ വാങ്ങൽ-ബാലൻസ് തുക ലഭിച്ചില്ല | 3-7 |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ- നിയമാനുസൃതനികുതികൾ ഈടാക്കിയതിൽ കുറവ് | 3-8 |
| 29 | പ്രൊജക്റ്റ് നമ്പർ 130/18 – അർഹത പരിശോധിക്കാതെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി | 3-9 |
| 30 | പ്രൊജക്റ്റ് നമ്പർ 196/18 – ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്ന പദ്ധതി പൂർത്തീകരിച്ചില്ല. | 3-10 |
| 31 | പ്രൊജക്റ്റ് നമ്പർ 192/18 – നെൽകൃഷിക്ക് കൂലിചെലവ് നൽകൽ എന്ന | 3-11 |

| | | |
|---|---|---|
| | പദ്ധതിയിലെ അപാകത | |
| 32 | പ്രൊജക്ട് നമ്പർ 134/18 – വയോജകർക്ക് കട്ടിൽ (പൊതുവിഭാഗം) എന്ന പദ്ധതി – പൊതു വിഭാഗങ്ങളെ ഉൾപ്പെടുത്തിയില്ല | 3-12 |
| ഭാഗം 4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 44 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

പാസ്സാക്കിയതിയതി – 29.03.2017
കമ്മിറ്റിതീരുമാനം – 01/2017
പ്രതീക്ഷിതവരവ്, ചെലവ്എന്നിവ – 199680476, 194631000

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31-07-2018 | 06.06.2018 | | |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018,14.06.2018 | കെ.എസ്.എ-ടി.എസ്.ആർ (ഇ3)1150/18(45) തി.13.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13197177.70 |
| വരവ് | 68475170 |
| ആകെ | 81672347.70 |
| ചെലവ് | 77587795 |
| നീക്കിയിരിപ്പ് | 4084552.70 |

## 1-5 ഫണ്ടിനം വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | | 0 | 15696000 | 15696000 | 15289535 | 406465 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7967131 | 7967131 | 7384805 | 582326 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8615000 | 8615000 | 3250330 | 5364670 |
| മെയിന്റനൻസ്, നോൺറോഡ് (ACR പ്രകാരം) | | 0 | 3505000 | 3505000 | 2597598 | 907402 |
| സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | | 0 | 12410130 | 12410130 | 5324585 | 7085545 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 3482228 | 3482228 | 2912992 | 569236 |
| സാക്ഷരത | | 1490 | 28358 | 29848 | 0 | 29848 * |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 19135906 | 19135906 | 19135906 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2737 | 11468341 | 1149571 | 1149193 | 378 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| TSC | | 0 | 0 | 0 | 0 | 0 |
| ICDS | | 587341 | 466689 | 1054030 | 300000 | 754030 |
| M P FUND | | 0 | 0 | 0 | 0 | 0 |
| PYCKA | | 20000 | 0 | 20000 | 0 | 20000 |
| NMBS | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SC Development | | 0 | 0 | 0 | 0 | 0 |
| Ayurvedam | | 0 | 0 | 0 | 0 | 0 |
| MLA Fund | | 0 | 471231 | 471231 | 471231 | 0 |
| Keralolsavam | | 0 | 20000 | 20000 | 20000 | 0 |
| Vimukthi | | 25000 | 12500 | 37500 | 3600 | 33900 |
| ജോയിന്റ് വെഞ്ചർഅക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 840000 | 840000 | 800500 | 39500 |
| | ജില്ലാ പഞ്ചായത്ത് | 0 | 570000 | 570000 | 554900 | 15100 |
| ബി ഫണ്ട് | | | | | | |
| തൊഴിൽരഹിത വേതനം | | 0 | 49800 | 49800 | 49800 | |
| വാർദ്ധക്യകാല പെൻഷൻ | | 0 | 27519400 | 27519400 | 27519400 | |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 10201700 | 10201700 | 10201700 | |
| അവിവാഹിത പെൻഷൻ | | 0 | 1937200 | 1937200 | 1937200 | |
| വിധവ പെൻഷൻ | | 0 | 15121700 | 15121700 | 15121700 | |
| വികലാംഗ പെൻഷൻ | | 0 | 4393300 | 4393300 | 4393300 | |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 420000 | 420000 | 420000 | |
| പാഡി പ്രൊഡക്ഷൻബോണസ് | | 0 | 735688 | 735688 | 735688 | |
| ജനറൽപർപ്പസ് ഗ്രാന്റ് | | 0 | 11339000 | 11339000 | 11339000 | |

* സാക്ഷരത ഫണ്ട് 28300/-രൂപ തനതുഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്, ആയതിനാൽ B7ലെ ബാലൻസ് 1548/-രൂപ എന്നു കാണുന്നു.
തനതു ഫണ്ട് അക്കൗണ്ടുകളുടെ വിവരം ലഭ്യമാക്കാത്തതിനാൽ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 197 | 87610742 | 131 | 47333583 | 0 | 66 | 66.49 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12247395 | 12247395 | 12247395 | 0 |

## 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 49800 | 85 |
| കർഷകതൊഴിലാളിപെൻഷൻ | 10201700 | 829 |
| വിധവാപെൻഷൻ | 15121700 | 1264 |
| വാർദ്ധക്യകാലപെൻഷൻ | 27519400 | 2078 |
| വികലാംഗപെൻഷൻ | 4393300 | 380 |
| 50വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 1937200 | 162 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2019, 3.00 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,265/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

.സാധനസാമഗ്രികൾ വാങ്ങുമ്പോൾ സ്റ്റോക്കിലെടുക്കുന്നുണ്ടെങ്കിലും ആയതിന്റെ മൂല്യം രേഖപ്പെടുത്തുന്നില്ല

.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ പരിശോധന നടത്തുന്നില്ല

.മോണിറ്ററിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

.സൂചിക സോഫ്റ്റ് വെയർ പ്രകാരം തപാലുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു

ആഭ്യന്തരനിയന്ത്രണം കുറ്റമറ്റതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയതിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതിയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 14.01.2019 | Nov-18 | 05.01.2019 |
| അക്കൗണ്ടന്റ്ജനറൽ | 29.02.2016 to 05.03.2016 & 02.04.2016 to 11.04.2016 | 2010-11 to 2014-15 | 10.05.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.
2. വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

a) വസ്തുനികുതി കുടിശ്ശികയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ (ലൈബ്രറി സെസ് ഉൾപ്പെടെ) വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 2016-17 സാംഖ്യ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് LC ഉൾപ്പെടെ | 2017-18 സഞ്ചയ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് | 2017-18 സാംഖ്യ പ്രകാരമുള്ള കുടിശ്ശിക വരവ് | 2017-18 സാംഖ്യ ബാലൻസ് (എൽ.സി. ഉൾപ്പെടെ) | സഞ്ചയ പ്രകാരം കുടിശ്ശിക വരവ് | സഞ്ചയ പ്രകാരം ബാലൻസ് |
|---|---|---|---|---|---|---|
| റസിഡൻഷ്യൽ | ₹4,52,962/- | ₹3,70,593/- | ₹2,99,019/- | ₹40,699/- | ₹3,55,650/- | ₹44,588/- |
| നോൺ-റസിഡൻഷ്യൽ | 0 | ₹2,28,089/- | ₹1,43,435/- | ₹76,773/- | ₹1,66,525/- | ₹84,087/- |
| | ₹4,52,962/- | ₹5,98,682/- | ₹4,42,454/- | ₹1,17,472/- | ₹5,22,175/- | ₹128675/- |

വസ്തു നികുതി കുടിശ്ശിക (എൽ.സി. ഉൾപ്പെടെ) സാംഖ്യ, സഞ്ചയ പൊരുത്തപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

b) 2017-18 വാർഷിക കണക്ക് റെസിപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43-ൽ തൻവർഷത്തെ വരവ് വസ്തുനികുതിയിനത്തിലുള്ള റസിഡൻഷ്യൽ വിഭാഗത്തിൽ ₹27,23,888/-, നോൺ റസിഡൻഷ്യൽ വിഭാഗത്തിൽ ₹12,59,928/- എന്നും, സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. പത്രിക പ്രകാരം റസിഡൻഷ്യൽ വിഭാഗത്തിൽ ₹26,89,379/-, നോൺ റസിഡൻഷ്യൽ വിഭാഗത്തിൽ ₹12,88,435/- എന്നുമാണ്. വസ്തുനികുതി കണക്കുകളിലെ ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

3. വാർഷിക കണക്ക് റെസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന വിനോദ നികുതി എന്ന ശീർഷകത്തിലുള്ള വരവ് ₹11,98,941/- എന്നാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-I-ൽ ഈ ശീർഷകത്തിൽ നിന്നുമുള്ള ഡിമാന്റ് ₹11,53,357/- എന്നുമാണ്. എന്നാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരം ഡിമാന്റ് 11,35,357/- രൂപയും കളക്ഷൻ 11,53,357/- രൂപയുമാണ്. കണക്കുകളിലെ ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

4. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ ₹1,53,700/- എന്നും ബാലൻസ് ഷീറ്റ് B-9 പ്രകാരം ₹1,55,695/- എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 91,12,625/- രൂപയാണ്. എന്നാൽ "Net cash generated by operating+investing+financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38,86,879/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, അന്തിക്കാട് ശാഖയിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യിട്ടില്ലാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liabilities in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലാത്തതാണ്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 362809 | 17.07.2017 | 288 |

| | | | |
|---|---|---|---|
| 2 | 21501190 | 24.02.2016 | 1,519 |
| 3 | 1659 | 22.05.2014 | 1,050 |
| 4 | 161053 | 31.03.2011 | 100 |
| 5 | 161056 | 31.03.2011 | 100 |
| 6 | 161067 | 31.03.2011 | 100 |
| 7 | 162030 | 31.03.2011 | 2,500 |
| 8 | 162243 | 31.03.2011 | 900 |
| 9 | 113160 | 31.03.2011 | 200 |
| 10 | 1805 | 26.06.2014 | 1,300 |
| 11 | 21400715 | 10.10.2014 | 214 |
| | ആകെ | | -----------<br>8,271<br>====== |

7. 31.03.2011-ൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, അന്തിക്കാട് ശാഖയിൽ ₹8,206/- രൂപയുടെ ചെക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നത് കളക്ഷൻ ചെയ്തതായി കാണുന്നില്ല.

8. TP അക്കൗണ്ട് നീക്കിയിരിപ്പായി ₹26,683/- രൂപ കാണുന്നു. ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9. അദർ ഡെപ്പോസിറ്റ് എന്നയിനത്തിൽ 1998 മുതലുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

10. NREGA, SSA ഒഴികെയുള്ള പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾക്ക് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബസ് സ്റ്റാൻഡ് ഫീസ് ലേലം-ചരക്ക് സേവനനികുതി അടവാക്കിയില്ല

കാഞ്ഞാണി ബസ് സ്റ്റാൻഡിൽ പ്രവേശിക്കുന്ന ബസുകളിൽനിന്നും 1-4-17മുതൽ 31-3-18 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം കൊണ്ടത് ശ്രീ.സുരേന്ദ്രൻ എന്ന വ്യക്തിയാണ്. ലേലതുകയായ 338000 രൂപ പൂർണ്ണമായും അടവാക്കി. ആയതിന്റെ 18% തുകയായ 60840 രൂപ GSTഇനത്തിൽ അടവാക്കുവാൻ കത്ത് മുഖേന ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ തുക അടവാക്കിയില്ല. ലേലം കൊണ്ടയാൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടില്ല.തുക ഈടാക്കി ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അടവാക്കേണ്ടതാണ്.

## 2-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

1.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 711 സ്ഥാപനങ്ങളുണ്ട്എന്നാൽ ഡി&ഒ ലൈസൻസിന് അപേക്ഷ നൽകുന്നത് 577 സ്ഥാപനങ്ങളാണ്. 130 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (4) നൽകി. 2017-18 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് മറുപടി നൽകിയത്. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ ആയതിന് അനുസൃതമായി ട്രേഡേഴ്സ് ലിസ്റ്റിൽ ആവശ്യമായ മാറ്റം വരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നതിന് കമ്മിറ്റി തീരുമാനങ്ങളോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യം ചർച്ച ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ

## സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ആസ്തികൾ ഉള്ളതായി കാണുന്നു. ഈ ആസ്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് യാതൊരു വിധ തനതു വരുമാനവും ലഭിക്കുന്നില്ല.

| ക്രമ നം. | ആസ്തിയുടെ പേര് | വിസ്തീ (ച.മീ) |
|---|---|---|
| 1 | എസ്.സി വ്യവസായ കേന്ദ്രം | 235 ച.മീ |
| 2 | വനിതാ വ്യവസായ കേന്ദ്രം | 120 ച.മീ |
| 3 | ആർ.സി വ്യവസായ കേന്ദ്രം | 232.83 ച.മീ |

ഈ ആസ്തികളെല്ലാം നിഷ്ക്രിയാവസ്ഥയിലാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതേക്കുറിച്ച് ചർച്ച നടത്തുകയോ, ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.(5) നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

1.ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടത്തിൽ സബ് ട്രഷറി പ്രവർത്തിച്ചുവരുന്നതായി കാണുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തിൽനിന്നും വാടക ഇനത്തിൽ ഒരു വരുമാനവും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. സബ് ട്രഷറിയ്ക്ക് സൗജന്യമായാണ് നൽകിയിട്ടുള്ളതെങ്കിൽ ആയതിന്റെ കമ്മിറ്റി തീരുമാനം ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5 നൽകിയെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.

2.ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഐ.റ്റി.ഐ,മണലൂർ 152.29 ച.മീ, മ.മ.വി വർക്ക് ഷോപ്പ് 139.01 ച.മീ എന്നിവ കാണുന്നു. ഈ ആസ്തികൾ ഐ.റ്റി.ഐയ്ക്ക് നൽകിയതാണെങ്കിൽ ആയത് ആസ്തി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം വാടക നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

## 2-5 കെട്ടിടങ്ങളുടെ ക്രമവത്ക്കരണ ഫീസ് മൂന്നിരട്ടി ഈടാക്കേണ്ടതാണ് -ധനകാര്യകമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷകളിൽ രാജിയാക്കൽ ഫീസും(പെർമിറ്റ് ഫീസിന്റെ ഇരട്ടി), പെർമിറ്റ് ഫീസും ചട്ടപ്രകാരം ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള അപേക്ഷകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.17 നൽകി, സോഫ്റ്റ് വെയറിൽ 2 ഇരട്ടിയായാണ് സെറ്റ് ചെയ്തിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് 2 ഇരട്ടി ഈടാക്കുന്നതെന്നാണ് മറുപടി നൽകിയത്. സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിച്ച് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

1.2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള അപേക്ഷകളിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയതായി കാണുന്നില്ല.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴികൾക്ക് ചട്ടപ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് ആവശ്യമാണ്.എന്നാൽ അപേക്ഷ സി4/4778/17 തി 26/8/17 പ്രകാരം വിനോദ് &രമ,പൊന്നരശ്ശേരി, കാഞ്ഞാണി പി.ഒ എന്നവരുടെ 877.82 ച.മീ വാണിജ്യ കെട്ടിടം വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയിട്ടില്ല. ഇവരുടെ

കെട്ടിടം സ്ഥിതി ചെയ്യുന്നത് കാഞ്ഞാണി-ഏനമാവ് ലോക്ക് റോഡിലാണ്. ഈ റോഡ് 5മീറ്ററിലും കൂടുതലുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18 നൽകി, സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയപ്പോൾ വന്നിട്ടുള്ള തെറ്റാണെന്നാണ് മറുപടി നൽകിയത്. മുൻ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയിച്ച അപേക്ഷകളിലും ഈ തെറ്റ് വന്നിട്ടുണ്ടാകാം.ആയതിനാൽ ഇത്തരത്തിൽ തെറ്റായി വസ്തുനികുതി നിർണ്ണയിച്ചവ പുനർ നിർണ്ണയിക്കേണ്ടതാണ്.

2. 100 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി കണക്കാക്കുമ്പോൾ ചതുരശ്ര മീറ്ററിന് 50 രൂപയായാണ് കണക്കാക്കേണ്ടത്. എന്നാൽ ചതുരശ്ര മീറ്ററിന് 30 രൂപയായാണ് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുപോലെ തെറ്റായി വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിന് തനതു വരുമാനത്തിൽ കുറവു സംഭവിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 19 നൽകി, ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണെന്നും ശരിയാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചവ പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

3.100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ 100 ച.മീ താഴെയുള്ള വാണിജ്യ മുറികളാക്കി വസ്തുനികുതി നിർണ്ണയിക്കുന്നതിന് അപേക്ഷിക്കുമ്പോൾ അത്തരം അപേക്ഷകളിൽ കെട്ടിടത്തിന്റെ മൊത്തത്തിലുള്ള ഉപയോഗവും, മൊത്തത്തിലുള്ള വിസ്തീർണ്ണവും അടിസ്ഥാനമാക്കി വേണം വസ്തുനികുതി നിർണ്ണയിക്കാൻ. അതായത് ഇത്തരം കെട്ടിടങ്ങൾ 100 ച.മീ താഴെയുള്ള വാണിജ്യ മുറികളാക്കിയാലും വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് ചട്ടപ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കുള്ളതായിരിക്കണം. എന്നാൽ മണലൂർ ഗ്രാമപഞ്ചായത്തിൽ ഇത്തരം കെട്ടിടങ്ങൾക്ക് 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്കുള്ള വസ്തുനികുതിയുടെ അടിസ്ഥാന നിരക്കായ 30രൂപ കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ഗ്രാമ പഞ്ചായത്തിന് തനതു വരുമാനത്തിൽ കുറവു സംഭവിക്കുന്നുണ്ട്. ആയതിനാൽ ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചവയുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-7 ഇ-ടെൻഡർ ഫാറങ്ങളുടെ വില്പന-തുക ലഭിച്ചില്ല

അടങ്കൽ തുക 5 ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടപടികൾ ജില്ലാപഞ്ചായത്ത് മുഖേനയാണ്.2017-18 വർഷം ഇ-ടെൻഡർ ഫാറങ്ങളുടെ വില്പന ഇനത്തിലുള്ള 21126രൂപ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 മാർക്കറ്റ്,വണ്ടിപ്പേട്ട സ്ഥലമെടുപ്പ് -ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചില്ല

മണലൂർ വില്ലേജ് സർവ്വേ 1198/2, 1172/1, 1172/2 നമ്പറുകളിലുള്ള 1.91 ഏക്കർ സ്ഥലം മാർക്കറ്റ്,വണ്ടിപ്പേട്ട ആവശ്യങ്ങൾക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് 14.5ലക്ഷം രൂപ തൃശ്ശൂർ എൽ.എ.ജനറൽ സ്പെഷ്യൽ തഹസിൽദാർക്ക് അനുവദിച്ചു. എന്നാൽ15-11-2007 തിയതിയിലെ ബഹു.ഹൈക്കോടതിയുടെ WPC.23529/07വിധി പ്രകാരം ലാൻഡ് അക്വിസിഷൻ നടപടികൾ റദ്ദാക്കിയതിനാൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചില്ല. സർക്കാരിൽ നിന്നും പണം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 6-12-2018 തീയതിയിൽ ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നു. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വഞ്ചിക്കടവ് കുടിവെള്ളപദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

നിർവ്വഹണം-കേരള ജലഅതോറിറ്റി

പ്രൊജക്ട് നം. – 153/18

2014-15വർഷം പ്രോജക്ട് നം.202/15ആയി 2000000 രൂപ എസ്റ്റിമേറ്റിൽ ജലഅതോറിറ്റി നിർവ്വഹണം ഏറ്റെടുത്ത പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിക്കുകയോ ലക്ഷ്യം കൈവരിക്കുകയോചെയ്തിട്ടില്ല. 2018-19വർഷം ജലഅതോറിറ്റിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ തുക 6870000 രൂപയാണ്. 2018-19വർഷം പ്രോജക്ട് നമ്പർ 153/18 ആയി പദ്ധതി നിലവിലുണ്ട്. നാളിതുവരെ വിനിയോഗിച്ച

തുകയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ബിൽ നമ്പർ/തിയതി | തുക |
|---|---|
| NIL/2014-15 തീ.25.03.15 | 1149389 |
| ചെക്ക് നം.361186/27.03.15 | 850611 |
| 49/17-18 തീ.27.03.18 | 1500000 |
| 39/18-19 31.12.18 | 2000000 |
| ആകെ | 5500000 |

2014-15 വർഷം വിനിയോഗിച്ച 2000000 രൂപയിൽ 195533 രൂപ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് MPLAD പദ്ധതിയിൽ ഉൾപ്പെടുത്തിയ കിണർ നിർമ്മാണപ്രവൃത്തിയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20-07-2016ലെ തീരുമാനം പ്രകാരം അഡ്ജസ്റ്റ് ചെയ്തു. നാളിതുവരെ മേൽപ്രവൃത്തിക്ക് 5304467 രൂപ ജലഅതോറിറ്റിക്ക് കൈമാറിയെങ്കിലും യാതൊരുവിധത്തിലുള്ള പ്രവൃത്തികളും ചെയ്തിട്ടില്ല. കൂടാതെപ്രവൃത്തി പൂർത്തീകരിക്കുന്നതിന് 7110000 രൂപ റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ ജലഅതോറിറ്റി, പൊതുമരാമത്ത് വകുപ്പിന് അടവാക്കേണ്ടതുണ്ട്. ഈ തുക ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാനാകൂ എന്ന് ജലഅതോറിറ്റി പഞ്ചായത്തിനെ രേഖാ മൂലം അറിയിച്ചിട്ടുണ്ട്. ജലഅതോറിറ്റിയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം 1125ച.മീ. BTS റോഡുകൾ പൊളിക്കേണ്ടതുണ്ട്. എന്നാൽ 1500ച.മീ.റോഡിന് ച.മീറ്ററിന് 1521രൂപ നിരക്കിൽ 2281500 രൂപയാണ് റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും 1125ച.മീ. BTSറോഡുകൾ പൊളിക്കേണ്ടതുണ്ട്. എന്നാൽ 1500 ച.മീ.റോഡിന് ച.മീറ്ററിന് 4680.65 രൂപ നിരക്കിൽ 7020975 രൂപയാണ് എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിലെ വ്യത്യാസം ജലഅതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുംപൊളിക്കേണ്ട റോഡുകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി സംയുക്തപരിശോധന നടത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മരാമത്ത് ബില്ലുകളും പൂർത്തികരണസാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

## 3-2 മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹം. സംസ്കരണ പ്ലാന്റ് പൂർണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കണക്കാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ വഴി ഗ്രാമപഞ്ചായത്തിലെ 8802 വീടുകളിൽ സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആനക്കാട് പ്രദേശത്ത് 60 സെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിൽ 8x 2 m2 തുമ്പൂർമുഴി മോഡൽ ബയോ വേസ്റ്റ് പ്ലാന്റുകൾ, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ ക്ലീൻ കേരളയിൽ നിന്നും 5,29,171 രൂപാ ചെലവിൽ പ്ലാസ്റ്റിക് ബെയ് ലിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് നിരോധിച്ച് 18/03/17 ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും, ഓരോ വാർഡിലും 2 പേരെ വീതം ആകെ 38 പേരെ ഉൾപെടുത്തി ഹരിതകർമ്മ സേന രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 5.6.2018 ന് ഗ്രാമപഞ്ചായത്തിനെ ക്ലീൻ & ഗ്രീൻ പഞ്ചായത്തായി പ്രഖ്യാപിക്കുകയും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഹരിതകർമ്മസേന പ്രതിദിനം ഒരു ലോഡ് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുകയും താൽക്കാലികമായി നിയമിച്ച മൂന്നു പേരെ ഉപയോഗപെടുത്തി പ്ലാസ്റ്റിക് കഴുകി വൃത്തിയാക്കി ബെയ് ലിംഗ്, ഷ്രെഡിംഗ് എന്നിവ നടത്തി വരുന്നു. ഷ്രെഡിംഗ് നടത്തിയ പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും, ഉറവിട മാലിന്യ

സംസ്കരണത്തിന് ഊന്നൽ നൽകിയും ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടത്താൻ കഴിയുന്ന രീതിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരിഹരിക്കപെടേണ്ടതായ പ്രശ്നങ്ങൾ.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആറ് ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ മൂന്ന് തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുകയാണ്.

അഞ്ച് വർഷത്തിലേറെയായി സംസ്കരണ പ്ലാന്റിൽ പ്രവർത്തിക്കുന്ന മൂന്ന് തൊഴിലാളികൾക്ക് ഇപ്പോഴും തനതു ഫണ്ടിൽ നിന്നും തുക നൽകുന്ന സാഹചര്യം നിലവിലുണ്ട്.

ബെയ് ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഔദ്യാഗികമായി മെഷീൻ പ്രവർത്തനോദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബെയ് ലിംഗ് യൂണിറ്റ്, ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഒരേ സമയം പ്രവർത്തിപ്പിക്കാനാവശ്യമായ രീതിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പ്ലാന്റിൽ നടത്തിയിട്ടില്ല.

പ്ലാസ്റ്റിക് ഒഴികെയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഇല്ല.

50 രൂപ പ്രതിമാസ യൂസർ ഫീ ചുമത്തി ഹരിത കർമ്മസേന വഴി മാലിന്യം സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

നാളിതുവരെ യൂസർ ഫീ ഇനത്തിൽ 1,47,300 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ പ്രവർത്തനത്തിനാവശ്യമായ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാവശ്യമായ തുക യൂസർഫീ ഇനത്തിൽ പിരിച്ചെടുക്കുന്നതിന് നിലവിൽ സാധിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനമാക്കി റീസോഴ്സ് റീസൈക്ലിംഗ് ഫസിലിറ്റി (RRF) സെന്ററുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ ക്ലീൻ കേരളക്ക് കൈമാറുന്നതിനാണ് നിലവിൽ സർക്കാർ നിർദ്ദേശമുള്ളത് എന്നതിനാൽ ഗ്രാമപഞ്ചായത്തിന് നേരിട്ട് ക്ലീൻ കേരളയുമായി കരാറിൽ ഏർപെടുന്നതിനോ, ശേഖരിച്ച മാലിന്യങ്ങൾ കൈമാറുന്നതിനോ സാധിക്കാത്ത അവസ്ഥയുണ്ട്.

പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള ബയോവേസ്റ്റ് മാലിന്യ സംസ്കരണ യൂണിറ്റുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 പാലിയേറ്റീവ് കെയർ പദ്ധതി മരുന്നുകൾ ലഭിച്ചിട്ടില്ല. യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ, ഹെൽത്ത് നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 104/18 പ്രകാരം പാലിയേറ്റീവ് രോഗികൾക്കായി മരുന്നുകൾ വാങ്ങുന്നതിന് 2017-18 ൽ താഴെ കാണും പ്രകാരം തുക കേരള സർവ്വീസ് മെഡിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

| ക്രമ നം. | ബിൽ നം./തിയതി./<br>ചെക്ക് നം./തിയതി. | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|---|
| 1 | ചെക്ക്.നം.3424027/17.3.18 | PRF-4064/6.2.18 | 1,13,585 |
| | ,, | PRF-1295/6.2.18 | 36,415 |
| 2 | ബിൽ നം.10/17-18/16.3.18 | PRF-3951/2.2.18 | 60,000 |
| ആകെ | | | 2,10,000 |

മേൽ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും കിടപ്പുരോഗികളുൾപ്പെടെ ധാരാളം പേർക്ക് അടിയന്തിരമായി ലഭിക്കേണ്ട മരുന്നുകൾ സാമ്പത്തിക വർഷത്തിൽ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരംഅടിയന്തിര സാഹചര്യങ്ങളിൽ KMSCLന്റെ നിരക്കുകളിൽ അധികരിക്കാതെ മാവേലി സ്റ്റോർ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ

നിന്നും അത്യാവശ്യ മരുന്നുകൾ വാങ്ങാമെന്ന സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടുകൂടി ഇത്തരം കാര്യങ്ങളിൽ പാലിയേറ്റീവ് കമ്മിറ്റി തീരുമാനമെടുത്തതായോ ഇത്തരം വിഷയങ്ങൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവിടങ്ങളിലേക്ക് ശുപാർശ ചെയ്തതായോ കാണുന്നില്ലായെന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ സമയബന്ധിതമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്. മരുന്നുകൾ ലഭിക്കുന്നതു വരെ ചെലവ് തുക താൽക്കാലികമായി തടസ്സപെടുത്തുന്നു.

## 3-4 തുല്യതാ പഠനം- പദ്ധതി ലക്ഷ്യം നേടിയില്ല. തുടർ നടപടി സ്വീകരിക്കണം.

ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 10-ാം ക്ലാസ്സ്, +1 തുല്യതാ പഠനത്തിനായി ആവിഷ്കരിച്ച പ്രോജക്ട് നം. 115/18 ലക്ഷ്യം നേടിയില്ല. 2016-17, 2017-18 അക്കാദമിക് വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് വേണ്ടി സാക്ഷരതാ മിഷനിൽ പരീക്ഷാ ഫീസിനത്തിൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് തുക അടവാക്കിയെങ്കിലും മുഴുവൻ ഗുണഭോക്താക്കളും പരീക്ഷയെഴുതിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ലാസ്സ് | അക്കാദമിക് വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അടവാക്കിയ തുക | പരീക്ഷയെ ഴുതാത്തവരുടെ എണ്ണം. |
|---|---|---|---|---|
| 10 | 2016-17 | 7*1500 | 10500 | - |
| +1 | 2016-17 | 5*2250 | 11250 | 1 |
| 10 | 2017-18 | 22*1750 | 38500 | 6 |
| +1 | 2017-18 | 11*1950 | 21450 | 5 |

ചെക്ക് നം. 655608/17.3.18 പ്രകാരം 49000 രൂപ 10-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫീസിനത്തിലും ചെക്ക് നം. 655607/17.3.18 പ്രകാരം +1 വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 32700 രൂപയും അടക്കം 81700 രൂപ സാക്ഷരതാ മിഷൻ ഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ ഗുണഭോക്താക്കളും പരീക്ഷയെഴുതാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് പദ്ധതി ലക്ഷ്യം നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ പരീക്ഷയെഴുതാത്ത സാഹചര്യമുണ്ടായാൽ തുക തിരികെ ഈടാക്കുന്നതിനോ/സാക്ഷരതാ മിഷനിൽ ഭാവിയിൽ അടവാക്കേണ്ടി വരുന്ന തുകയിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ-പഞ്ചായത്തിൽ വ്യക്തമായ കണക്കുകൾ സൂക്ഷിക്കണം.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത ഉപകരണങ്ങളായ CFL, Bulb, TUBE എന്നിവയുടെ എണ്ണം സംബന്ധിച്ച കണക്കുകൾ സ്ഥാപനത്തിൽ ലഭ്യമല്ല. വൈദ്യുത ഉപകരണങ്ങളുടെ റിപ്പയറിംഗ് ഇനത്തിൽ തുക നൽകേണ്ടി വരുമ്പോൾ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിവരങ്ങൾ സംബന്ധിച്ച പരിശോധന നടത്തുന്നതിന് ടി രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. റിപ്പയറിംഗിന്റെ ഹാജരാക്കിയ ബില്ലുകൾ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗ്സ്ഥന്റെ പേര്, ഓഫീസ് സീൽ എന്നിവ കൂടി രേഖപെടുത്തേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.ആയതിനാൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തമല്ല.കേരള ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 349 പൊതുടാപ്പുകൾ ഉണ്ട്. ആയതിന് വെള്ളക്കരമിനത്തിൽ പ്രതിമാസം 152688 രൂപ അടവാക്കുന്നു. 4/2016 മുതൽ ടാപ്പുകളുടെ എണ്ണം 352 ആയി വർദ്ധിച്ചതിനാൽ കുടിശ്ശിക 39390 രൂപ അടവാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും സംയുക്തപരിശോധനക്ക് ശേഷം തുക അടവാക്കുന്നതിന് 13-11-2018 തീയതിയിൽ ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നു. പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി

വെള്ളക്കരം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ബിറ്റുമിൻ വാങ്ങൽ-ബാലൻസ് തുക ലഭിച്ചില്ല

കരാറുകാർ മുഖേന നിർവ്വഹണം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എണ്ണകമ്പനികൾക്ക് അനുവദിച്ച തുകയുടെയും ലഭിച്ച ടാറിന്റെയും വിവരങ്ങൾ താഴെച്ചേർക്കുന്നു.

| സ്ഥാപനം/ഇൻവോയ്സ് നമ്പർ | ബിറ്റുമിൻ വില(രൂപ) | അനുവദിച്ച തുക(രൂപ) | ബാലൻസ് തുക(രൂപ) |
|---|---|---|---|
| HPCL 318336117007028/1-3-2018 | 351796.56 | | |
| HPCL 318336117007027/1-3-2018 | 11726.55 | 367712 | 4188 |
| HINCOL 4207103896/5-3-2018 | 90189.94 | | |
| HINCOL 4207103897/5-3-2018 | 47368.40 | 142458 | 4899 |
| ആകെ | 501081.45 | 510170 | 9088 |

തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾ-നിയമാനുസൃതനികുതികൾ ഈടാക്കിയതിൽ കുറവ്

പൊതുമരാമത്ത് പ്രവൃത്തികളുടെ മൊത്തം പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നിയമാനുസൃതനികുതികൾ കുറവ് ചെയ്യേണ്ടത്. 2017-18 വർഷം നടപ്പിലാക്കിയ 10പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഡിപ്പാർട്ട്മെന്റൽ സപ്ളെ ആയി ബിറ്റുമിൻ അനുവദിച്ചു. മൊത്തം പ്രവൃത്തി മൂല്യത്തിൽ നിന്ന് ടാറിന്റെ വില കുറവ് ചെയ്ത് അറ്റ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനമാക്കിയാണ് നികുതികളും മറ്റും ഈടാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ VAT, IT, KCWWF എന്നീ ഇനങ്ങളിൽ യഥാക്രമം 18162, 6281, 6281രൂപ ഈടാക്കിയതിൽ കുറവ് കാണുന്നു. ബാലൻസ് തുക കരാറുകാരിൽനിന്ന് ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണ്.

| SL NO | Name of work | Pr.No | Contractor | Bill NO | Total value of workdone | Net workdone after deducting cost of Dept.Mat | Actual to be deducted | | | Deducted | | | Balance to be deducted | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | VAT | IT | KCWWF | VAT | IT | KCWWF | VAT | IT | KCWWF |
| 1 | കാർഗിൽ റോഡ് റീ ടാറിംഗ് | 34/18 | കെ.എ കൊച്ചുമോൻ | 35/17-18 | 222613 | 140355 | - | 2226 | 2226 | - | 1404 | 1404 | - | 822 | 822 |
| 2 | ഹനുമാൻ റോഡ് മെറ്റലിംഗ്, ടാറിംഗ് | 17/18 | സി.വി വർഗ്ഗീസ് | 13/17-18 | 445637 | 345799 | 17825 | 4456 | 4456 | 13832 | 3458 | 3458 | 3993 | 998 | 998 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | തച്ചംകുളം കനാൽ ലിങ്ക് റോഡ് | 10/18 | സി.വി വർഗ്ഗീസ് | 9/17-18 | 412795 | 322300 | 16512 | 4128 | 4128 | 12892 | 3223 | 3223 | 3620 | 905 | 905 |
| 4 | മാമ്പുള്ളി ശിവനങ്ങാടി റോഡ് റീ ടാറിംഗ് | 13/18 | എം.ആർ ഗിരീഷ് | 7/17-18 | 145821 | 82475 | 5833 | 1458 | 1458 | 3299 | 825 | 825 | 2534 | 633 | 633 |
| 5 | വിദ്യാർത്ഥി റോഡ് റീ ടാറിംഗ് | 24/18 | സി.വി വർഗ്ഗീസ് | 6/17-18 | 154365 | 100677 | 6175 | 1544 | 1544 | 4027 | 1007 | 1007 | 2148 | 537 | 537 |
| 6 | തച്ചംകുളം കനാൽ ലിങ്ക് റോഡ് | 3/18 | സി.വി വർഗ്ഗീസ് | 5/17-18 | 39842 | 23141 | 1594 | 398 | 398 | 926 | 231 | 231 | 668 | 167 | 167 |
| 7 | ഇന്ദിര പ്രിയദർശിനി റോഡ് റീ ടാറിംഗ് | 1/18 | സി.വി വർഗ്ഗീസ് | 4/17-18 | 59512 | 34608 | 2383 | 596 | 596 | 1384 | 346 | 346 | 999 | 250 | 250 |
| 8 | പോഴത്ത് ലൈൻ റോഡ് റീടാറിംഗ് | 2/18 | സി.വി വർഗ്ഗീസ് | 2/17-18 | 57569 | 33935 | 2304 | 576 | 576 | 1357 | 339 | 339 | 947 | 237 | 237 |
| 9 | SNGHS ഗ്രൗണ്ട് റോഡ് റീ ടാറിംഗ് | 35/18 | കെ.എ കൊച്ചുമോൻ | 36/17-18 | 244580 | 152698 | - | 2446 | 2446 | - | 1527 | 1527 | - | 919 | 919 |
| 10 | പുത്തേഴത്ത് വെസ്റ്റ് റോഡ് | 7/18 | കെ.എ കൊച്ചുമോൻ | 8/17-18 | 442969 | 361653 | 17719 | 4430 | 4430 | 14466 | 3617 | 3617 | 3253 | 813 | 813 |
| | ആകെ | | | | | | 70345 | 22258 | 22258 | 52183 | 15977 | 15977 | 18162 | 6281 | 6281 |

## 3-9 പ്രൊജക്റ്റ് നമ്പർ 130/18- അർഹത പരിശോധിക്കാതെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകി

പ്രസ്തുത പദ്ധതിയിലൂടെ അൽജിത് പി ബാലകൃഷ്ണൻ സെന്റ് തോമസ് കോളേജ്, തൃശ്ശൂർ എന്ന വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. എന്നാൽ ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടികയിൽ ഇദ്ദേഹത്തിന്റെ പേര് ഉൾപ്പെട്ടതായി കാണുന്നില്ല. ഫയലിൽ ലഭ്യമായ വരുമാന സർട്ടിഫിക്കറ്റിൽ ടിയാന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം 604800/- എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 15 മുഖേന ആരാഞ്ഞെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.ഗ്രാമസഭ തിരഞ്ഞെടുത്ത ലിസ്റ്റിനു പുറമെയുള്ളവർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകുകയാണെങ്കിൽ അത് ശരിക്കും അർഹതയുള്ളവർക്ക് മാത്രമേ നൽകാവൂ എന്നും അല്ലാതെയുള്ള നടപടി പൊതു പണത്തിന്റെ ദുരുപയോഗമാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-10 പ്രൊജക്റ്റ് നമ്പർ 196/18- ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്ന പദ്ധതി പൂർത്തീകരിച്ചില്ല

അടങ്കൽ തുകയായി 1258000/- രൂപ നിശ്ചയിച്ച ഈ പദ്ധതിയിൽ പതിനൊന്ന് പേർക്ക് 75000/-രൂപ വീതം 825000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഗ്രാമസഭ തിരഞ്ഞെടുത്ത ലിസ്റ്റിൽപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതായി കാണുന്നില്ല. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 11 മുഖേന അന്വേഷിച്ചപ്പോൾ ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടിട്ടും രേഖകൾ സഹിതം ഹാജരാകാത്തതുകൊണ്ടാണ് ആനുകൂല്യം നൽകാതിരുന്നത് എന്ന മറുപടിയാണ്

ലഭിച്ചത്. ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വ്യക്തമായ കാരണങ്ങൾ കൂടാതെ ആനുകൂല്യം നിഷേധിക്കരുതെന്നും ഏതെങ്കിലും ഗുണഭോക്താവ് ആനുകൂല്യം വേണ്ട എന്ന് നിലപാടെടുക്കുകയാണെങ്കിൽ അത് അവരിൽ നിന്നും എഴുതി വാങ്ങി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-11 പ്രൊജക്ട് നമ്പർ 192/18- നെൽകൃഷിക്ക് കൂലിച്ചെലവ് നൽകൽ എന്ന പദ്ധതിയിലെ അപാകത

നെൽകൃഷിയും കൃഷിക്കാരും വലിയ പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ സർക്കാരിന്റെ പരമാവധി സഹായങ്ങൾ ഈ മേഖലക്ക് ലഭിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് നെൽകൃഷിയെ പുറകോട്ടടിക്കുന്നതിൽ വലിയൊരു ഘടകം ഉയർന്ന കൂലിച്ചെലവ് ആണ്. മണലൂർ പഞ്ചായത്ത് നെൽകൃഷിക്ക് വലിയ പ്രാധാന്യമുള്ള പ്രദേശമാണ്. ഏകദേശം നാനൂറ് ഹെക്ടർ സ്ഥലത്താണ് ഈ പഞ്ചായത്തിൽ നെൽകൃഷി ചെയ്തുവരുന്നത്. ഓഡിറ്റ് എൻക്വയറി 12 ന് ലഭിച്ച മറുപടി പ്രകാരം ഈ സാമ്പത്തിക വർഷം ഒരു ഹെക്ടറിന് ആകെ 945/- രൂപയാണ് കൂലിച്ചെലവിനുള്ള സഹായം എന്ന നിലക്ക് നൽകിയിരിക്കുന്നത്. പ്രസ്തുത എൻക്വയറിക്കുള്ള മറുപടിയിൽ ഒരു ഹെക്ടറിന് 1700/- രൂപ വരെ നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികത്വങ്ങൾ പറഞ്ഞ് കർഷകർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നും നെൽകൃഷിക്കുള്ള പരമാവധി സർക്കാർ സഹായങ്ങൾ അർഹരായ എല്ലാ കൃഷിക്കാർക്കും ലഭിക്കുന്നതാണെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-12 പ്രൊജക്ട് നമ്പർ 134/18- വയോജനങ്ങൾക്ക് കട്ടിൽ (പൊതുവിഭാഗം) എന്ന പദ്ധതി - പൊതുവിഭാഗങ്ങളെ ഉൾപ്പെടുത്തിയില്ല

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പാൾ 19 ഗുണഭോക്താക്കൾക്ക് 4350/- രൂപ വീതം 82650/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും എല്ലാം തന്നെ എസ്.സി വിഭാഗത്തിൽപ്പെട്ടവർക്കാണ് നൽകിയിരിക്കുന്നത്. പൊതുവിഭാഗത്തിൽ അർഹരായവർ ഇല്ലാത്തതുകൊണ്ടാണൊ ആർക്കും തന്നെ നൽകാതിരുന്നത് എന്ന് ഓഡിറ്റ് എൻക്വയറി 10 മുഖേന ആരാഞ്ഞപ്പോൾ പഞ്ചായത്തിൽ നിന്നും ലഭ്യമായ ഗുണഭോക്തൃലിസ്റ്റ് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുകയാണ് ചെയ്തത് എന്ന മറുപടിയാണ് ലഭിച്ചത്. എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകിയതിനെ നിരാകരിക്കുന്നില്ലെങ്കിലും ഈ പദ്ധതി പൊതുവിഭാഗത്തിൽപ്പെട്ട ഒരു പദ്ധതിയായതിനാൽ പൊതു വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 80000 | ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 80000 | |
| | 2017-18 | 150000 | പെയിൻ-പാലിയേറ്റീവ് | 150000 | |
| | 2017-18 | 410000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 370500 | 39500 |
| | 2017-18 | 100000 | നെൽകൃഷി കൂലി | 100000 | 0 |
| | 2017-18 | 100000 | നെൽവിത്ത് വിതരണം | 100000 | 0 |
| | 2017-18 | 200000 | പ്രൊജക്ട് ഇല്ല | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 60000 | ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്നവർക്ക് | 60000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | 2017-18 | 410000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 394900 | 15100 |
| | 2017-18 | 100000 | നെൽകൃഷി കൂലി | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വഞ്ചിക്കടവ് കുടിവെള്ള പദ്ധതി 153/17 | | 1500000 | - | 1500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ്നം/ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS കുടിൽരഹിത ഗ്രാമം | തസ്വഭവ(ഡിബി)2133/പി1 /15/16.02.2015 | 4707250<br>9720000 | 920157<br>7680000 | -<br>1500000/ 632375 | | 92057<br>6220000 * |

* ബിൽ നം. 2/17-18/20.07.17 പ്രകാരം അടവാക്കിയ 15 ലക്ഷം രൂപ കഴിച്ച് ബാക്കി 62,20000രൂപ അടവാക്കാൻ ബാക്കിയുള്ളതായി ലോക്കൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുമായി ടി തുക വ്യത്യാസപ്പെട്ടു കാണുന്നു. ഇക്കാര്യം വിശദമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

| | | | |
|---|---|---|---|
| 1. | വർഷാരംഭത്തിൽ ഉണ്ടായിരുന്നസ്ഥിര നിക്ഷേപം | 16545761 | |
| 2. | തൻവർഷംനിക്ഷേപിച്ചതുക (പലിശ) | 1038076 | |
| 3. | ആകെ | 17583837 | |
| 4. | തന്നാണ്ടിൽപിൻവലിച്ചതുക (വായ്പാ പലിശ) | 67693 | |
| 5. | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17516144 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെവിവരം | തുക |
| | | കേരള ഗ്രാമീൺ ബാങ്ക് | 1110002 |
| | | കേരള ഗ്രാമീൺ ബാങ്ക് | 1110002 |
| | | കേരള ഗ്രാമീൺ ബാങ്ക് | 4918020 |

| | | | |
|---|---|---|---|
| | | കേരള ഗ്രാമീൺ ബാങ്ക് | 1221767 |
| | | കേരള ഗ്രാമീൺ ബാങ്ക് | 1187841 |
| | | കേരള ഗ്രാമീൺ ബാങ്ക് | 721821 |
| | | കേരള ഗ്രാമീൺ ബാങ്ക് | 1067989 |
| | | കേരള ഗ്രാമീൺ ബാങ്ക് | 1158870 |
| | | കേരള ഗ്രാമീൺ ബാങ്ക് | 1798768 |
| | | കാരമുക്ക് എസ്.സി.ബി | 2500000 |
| | | കാരമുക്ക് എസ്.സി.ബി | 700000 |
| | | സ്പിന്നിംഗ് മിൽ | 20000 |
| | | കനറാ ബാങ്ക് | 1064 |

## **4-6** ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരുംഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|
| 2013-14 | 3-9 | Rs.3995/ | Sudha,HM(Retd), PJMSGLPS, Kandassankadavu | 117140107324 dt 02.03.2018 |

## **4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2014-15<br>2014-15<br>2014-15<br>2014-15<br>2014-15 | 5.7.2<br>5.7.9<br>5.7.10<br>5.7.12<br>5.7.12<br>5.7.12 | 2014-15<br>2014-15<br>2014-15<br>2014-15<br>2014-15<br>2014-15 | 5.7.2<br>5.7.9<br>5.7.10<br>5.7.12<br>5.7.12<br>5.7.12 | മൃഗ സംരക്ഷണ മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല<br>മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം<br>പടർന്ന് പിടിക്കുന്ന കുളമ്പ് രോഗം<br>കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിക്കാൻ കഴിയുന്നില്ല.<br>പ്രത്യേക കന്നുകുട്ടി പരിശീലന പദ്ധതിക്ക് വിനിയോഗിക്കാത്ത കോടികൾ | മണലൂർ ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ താഴ്ന്നതും വെള്ളക്കെട്ടുള്ളതുമായ പ്രദേശങ്ങളാണ്. വെള്ളക്കെട്ട് മൺസൂൺ കാലങ്ങളിൽ മാത്രമാണ് നിലനിൽക്കുന്നത്. അതിനാൽ വെള്ളക്കെട്ട് ആട്, കോഴി, മുയൽ എന്നിവയുടെ വളർത്തലിനെ സാരമായി ബാധിക്കാൻ ഇടയില്ല. കോഴി, മുയൽ എന്നിവ അടുക്കള മുറ്റത്ത് വളർത്താനായി വിതരണം ചെയ്യുവയാണ്. അതിനാൽ ഭൂ പ്രകൃതി ഇവയുടെ വളർത്തലിനെ ബാധിക്കുകയില്ല. ആടിന് മഴക്കാലമൊഴിച്ചാൽ പ്രത്യേക കരുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി പൂർത്തീകരിച്ചിട്ടില്ല | അധികം ആവശ്യമില്ലാതെ വളർത്താൻ കഴിയുന്നവയാണ്. താറാവ് ,എരുമ വളർത്തൽ പദ്ധതികൾ ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഡിപ്പാർട്ട്മെന്റ് മുഖേനെ ഇപ്പോൾ നടത്തിവരുന്നുണ്ട്.<br><br>അന്നത്തെ വർക്കിംങ് ഗ്രൂപ്പിന്റെ നിർദ്ദേശ പ്രകാരമാണ് പദ്ധതികൾക്ക് ഫണ്ട് വച്ചിരുന്നത്. പ്രസ്തുത ഫണ്ട് അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം 75000/- രൂപയ്ക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അത് സൌജന്യമായി മൃഗാശുപത്രിയിൽ നിന്ന് വിതരണം നടത്തിയിട്ടുണ്ട്.<br><br>കുളമ്പ് രോഗത്തിനെതിരെ മൃഗാശുപത്രികളും ,സബ് സെന്ററുകൾ മുഖേന ബോധവത്ക്കരണവും എല്ലാ വർഷത്തിലും 2 തവണ വീട് വീടാന്തരം നടന്ന് കുളമ്പ് രോഗത്തിനെതിരെ കുത്തിവെയ്പ്പിക്കുകയും ചെയ്യുന്നുണ്ട്. 2013-14 ൽ കുളമ്പുരോഗം വ്യാപകമായി പടർന്ന്പിടിച്ചതിനാലാണ് കുറെ കന്നുകാലികൾ മരണപ്പെടാൻ ഇടയായത്. വായുവിലൂടെ പകരുന്ന രോഗമാതിനാല് രോഗം പെട്ടെന്ന് പടർന്ന് പിടിച്ചിരുന്നു. എന്നാൽ മൃഗാശുപത്രിയുടേയും ഡിപ്പാർമെന്റ് സഹായത്തോടെ യും കുത്തിവെയ്പ്പും |

| | | | | | |
|---|---|---|---|---|---|
| | | | | | വൈദ്യസഹായവും എത്തിച്ചതിനാൽ രോഗം നിയന്ത്രിക്കാനും സാധിച്ചു. തുടർന്നുള്ള വർഷങ്ങളിലും കുളമ്പുരോഗം ,കരളടപ്പൻ എന്നീ രോഗങ്ങൾക്ക് കുത്തിവെയ്പ്പ് നൽകിവരുന്നു.<br><br>കാലിത്തീറ്റയുടെ വില വർദ്ധന വരുമ്പോൾ സബ്സിഡി തുക കുറയുന്നതിനാലാണ് പദ്ധതി കാലാവധി കുറയുന്നത്. ഗവ.തല ഇടപെടലുകളും നടപടികളും വിലവർദ്ധന നിയന്ത്രണത്തിന് സഹായിച്ചേക്കും. അധിക തുക ഈടാക്കാൻ കഴിയുന്നില്ല.<br><br>കന്നുകുട്ടി പരിശീലന പദ്ധതിയിൽ വിനിയോഗിക്കാത്ത തുകകളെക്കുറിച്ചുള്ള വിവരങ്ങൾ എസ്.എൽ.ബി.പി ജില്ലാ ഓഫീസിൽ നിന്ന് മാത്രമേ ലഭ്യമാകുകയുള്ളൂ എന്നാണ് മണലൂർ വെറ്റിനറി സർജ്ജൻ അറിയിച്ചിട്ടുള്ളത്. ആയത് പ്രകാരം എസ്.എൽ.ബി.പി ജില്ലാ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുള്ളതും പകർപ്പ് മണലൂർ വെറ്റിനറി സർജ്ജന് നൽകിയിട്ടുള്ളതുമാണ്.<br><br>2012-13,2013-14 വർഷങ്ങളിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ എസ്.എൽ.ബി.പി പദ്ധതി പ്രകാരമുള്ള തുകയെല്ലാം ചെലവഴിച്ചിട്ടുണ്ട്. ആയത് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുന്നത്. |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81672347.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77587795 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,10,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,10,000 | ഡോ.റാണി.എം.എസ്,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |

| | |
|---|---|
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 88-89, 89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93, 93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95, 95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98 തി.24.10.98/31.12.98. |
| 97-98 ചെലവ് | എൽ.എഫ്.ടി-15-188/01 തി.17.04.01/06.06.01. |
| 97-98 വരവ് | എൽ.എഫ്.ടി-15-1549/98 തി.31.05.99/06.10.99 |
| 98-99 വരവ് ചെലവ് | എൽ.എഫ്.ടി-15-624/04 തി.27.11.04/11.01.05. |
| 99-00 വരവ് ചെലവ് | എൽ.എഫ്.ടി.15-625/04 തി.27.11.04/11.01.05. |
| 00-01 വരവ് ചെലവ് | എൽ.എഫ്.ടി.15-1546/05 തി.17.01.06/17.07.06. |
| 99-00 01-02 വരെ പ്ലാൻ | എൽ.എഫ്.ടി.15-1249/03 തി.20.02.04. |
| 01-02 വരവ് ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03 വരവ് ചെലവ് | എൽ.എഫ്.ടി-15-1919/06 തി.15.03.07/16.10.07 |
| 03-04 വരവ് ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05 വരവ് ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06 വരവ് | എൽ.എഫ്.ടി.15-1603/09 തി.18.08.10 |

| | |
|---|---|
| ചെലവ് | |
| 06-07വരവ് ചെലവ് | എൽ.എഫ്.ടി.15-1604/09 തി.19.08.10/31.01.11 |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10, 10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ.-ടിഎസ്.ആർ.(പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)1196/16 തീ.22/07/2016 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)40/17 തീ.30-01-2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017 തീയതി:30/11/2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം - 2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ